TB Movie Panel Weekly Review

**#moviepanel**

A separation

Written By: Jithin Sreedhar

2011 -12 ൽ ഇറങ്ങിയ ഒരു ഇറാനിയൻ സിനിമയാണ് A separation ( The Separation of Nader and Sumin ) . പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ ഇറാനിയൻ ദമ്പതികൾ ആയ നാദിറും, സുമിനും തമ്മിൽ ഉള്ള വേർപിരിയലിന്റെ കഥയാണ് സിനിമ പറയുന്നത്.

സുമിൻ തന്റെ ഭർത്താവ് ആയ നാദിറിനും, മകളായ Termeh ക്കും ഒപ്പം ഇറാൻ വിട്ട് മറ്റെവിടെങ്കിലും പോയി ജീവിക്കാൻ ആഗ്രഹിക്കുന്ന ഒരു സ്ത്രീയാണ്. തന്റെ മകളുടെ പഠനത്തിനും, മികച്ച ഭാവിക്കും; അതല്ലാതെ മറ്റൊരു വഴിയും അവളുടെ മുൻപിൽ ഇല്ല. എന്നാൽ നാദിർ ആകട്ടെ അൽഷിമേഴ്സ് രോഗം അതിന്റെ മൂർദ്ധന്യത്തിൽ എത്തി നിൽക്കുന്ന, പ്രായമായ അച്ഛനെ ഉപേക്ഷിച്ച് ഇറാൻ വിട്ട് പോകാൻ ഒരുക്കവുമല്ല. ഇവിടെ ഒരു ഒത്തു തീർപ്പിൽ എത്തുവാൻ കഴിയാതെ സുമിൻ ഡിവോഴ്സിന് അപേക്ഷിക്കുകയും, വേണ്ടത്ര കാരണങ്ങൾ ഇല്ലാത്തതിനാൽ ഫാമിലി കോടതി അത് തിരിച്ചു തള്ളുന്നതിലും ആണ് കഥ തുടങ്ങുന്നത്.

ഒരു കൊച്ചു കുട്ടിയെ പോലെ തന്നെ നോക്കുന്നത് മകനായ നാദിർ ആണെന്നത് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിൽ ആണ് ആ അച്ഛൻ. ഇനി ഒരിക്കലും അയാൾക്ക് അതിന് സാധിക്കുകയും ഇല്ല. എന്തിന് തനിയെ ഒന്ന് എഴുന്നേറ്റ് ഇരിക്കുവാനോ, താൻ ജീവിച്ചിരിപ്പുണ്ട് എന്ന് മനസ്സിലാക്കുവാനോ കഴിയാത്ത വൃദ്ധനാണയാൾ. എല്ലാവരും അയാളുടെ മരണം കാത്തിരിക്കുന്നു എന്നത് ആണ് സത്യം. ഒരു കാലത്ത് സുമിൻ, അദ്ദേഹത്തെ ആകും വിധം ശുസ്രൂക്ഷിച്ചത് ആണ്, തിരിച്ചു വരും എന്ന് പ്രതീക്ഷിച്ചത് ആണ്. പക്ഷെ, ഇനിയും അവർക്ക് ഓരോ നിമിഷവും വളർന്നു കൊണ്ടിരിക്കുന്ന തന്റെ പെണ്കുട്ടിയുടെ ജീവിതം വെച്ചു കാത്തിരിക്കാൻ വയ്യ. ഒരു ജീവിതം മുഴുവൻ ജീവിച്ചു തീർന്ന, മരണം കാത്ത് കിടക്കുന്ന വൃദ്ധനേക്കാൾ, ജീവിച്ചു തുടങ്ങുന്ന തന്റെ മകളുടെ ഭാവിക്ക് പ്രാധാന്യം കൊടുക്കാൻ ആ അമ്മ തീരുമാനം എടുത്തു കഴിഞ്ഞു. ഒരു പരിധി വരെ അവർ പറയുന്നത് എല്ലാം അക്ഷരം പ്രതി ശരിയാണ് എന്ന് നമുക്ക് തോന്നുന്ന സന്ദർഭം. പക്ഷെ, ഇവിടെ നാദിറിന്റെ മറുപടി നമ്മുടെ മനസ്സിനെ പിടിച്ചിരുത്തി കളയും.

" ശരിയാണ്, ഈ കിടക്കുന്ന ആൾക്ക് അറിയില്ല ഞാൻ ആരാണെന്ന്. പക്ഷെ, ഒന്നുണ്ട്. എനിക്ക് അറിയാമല്ലോ ഈ കിടക്കുന്നത് എന്റെ അച്ഛൻ

ആണെന്ന്. എനിക്ക് അയാളെ ഉപേക്ഷിച്ചു വരാൻ ആകില്ല. "

ഇറാനിലേക്ക് ആദ്യമായി ഓസ്കാർ ശില്പം എത്തിച്ച സിനിമ. ബെർലിനിലും, ന്യൂ യോർക്കിലും മറ്റുമായി പ്രദർശിപ്പിച്ച വേദികളിൽ എല്ലാം അവാർഡുകൾ നേടിയ സിനിമ. അർഷദ് ഫർഹാദി എന്ന ഇറാനിയൻ സംവിധായകന്റെ മറ്റൊരു ബ്രില്യൻസ്. ഓരോരുത്തരും ശരിക്കും ജീവിക്കുകയാണോ എന്നു തോന്നി പോകുന്ന അഭിനയം കൂടി ആകുമ്പോൾ പിന്നെ പറയേണ്ടത് ഇല്ലലോ.

Np :- ഈ അടുത്തിടെ ഇറങ്ങിയ കാണെക്കാണെ സിനിമയുടെ റീവ്യൂ എഴുത്തിലെ ( by ജിതേഷ് മംഗലത്ത് ) ഒന്ന് രണ്ട് പ്രയോഗങ്ങൾ ആണ് ഓർമ്മ വരുന്നത്. "മനുഷ്യ മനസ്സിന്റെ ഇരുളിനെയും വെളുപ്പിനെയും ഫോക്കസ് ചെയ്യാതെ, അവയ്ക്കിടയിലെ ഗ്രേ ഏരിയകളെ" ; "ആ ഗ്രേ ഏരിയകളിലെ മനുഷ്യന്റെ നിസ്സഹായതകളെ ".. ഇവയൊക്കെ നിറഞ്ഞ നാദിറിന്റെയും സുമിന്റെയും മകളുടെയും, അവരുടെ കൂടെയുള്ള അച്ഛന്റെയും തുടർന്നുള്ള ജീവിതത്തെ; കണ്ടു തന്നെ അറിയുവാൻ ഉള്ള ലിങ്ക് താഴെ ചേർത്തു കൊണ്ട് അവസാനിപ്പിക്കുന്നു.

Hey I’m watching A Separation. Check it out now on Prime Video!
https://app.primevideo.com/detail...